കാസർകോഡ്

1. ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി.

(ബി) ഇതു ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയിൻ കീഴിൽ തുടങ്ങിയ സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാർ ധനസഹായമൊന്നും അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഈ സ്കൂളുകൾക്ക് എയ്ഡഡ് സ്കൂളുകളായി ഉയർത്തിയാൽ അധിക സാമ്പത്തിക ഭാരമുണ്ടാവുമെന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

49 (466) എ.ഇ.ഒ. ഓഫീസ് തുടങ്ങാൻ നടപടി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കരുമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട മൂക്കത്ത് എ.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എ.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അധിക സാമ്പത്തികബാദ്ധ്യത കണക്കിലെടുത്തും വ്യയനിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഈ ആവശ്യം തൽക്കാലം മാറ്റി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

50 (467) സ്കൂൾ കരിക്കുലം സംബന്ധിച്ച് രൂപരേഖ

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കരിക്കുലം സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം നല്കുമോ;

(സി) ഇത് തയ്യാറാക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വിചക്ഷണരുടെ സഹായം തേടിയിട്ടുണ്ടോ; എങ്കിൽ ആരുടെ എല്ലാമെന്നു വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly